പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നംപർ. 1708

14.12.2012- ൽ മറുപടിയ്ക്ക്

**താലോലം ചികിത്സാ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ബാലൻ | ഡോ. എം.കെ. മുനീർ<br>( പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | താലോലം ചികിത്സാ പദ്ധതി സംസ്ഥാനത്ത് എന്ന് മുതലാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) | താലോലം ചികിത്സാ പദ്ധതി സംസ്ഥാനത്ത് 2010 മാർച്ച് മാസം മുതലാണ് ആരംഭിച്ചത്. 18 വയസ്സു വരെ പ്രായമുള്ള മാരകരോഗ ബാധിതരായ കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്ന പദ്ധതിയാണ്. ശസ്ത്രക്രിയ ആവശ്യമുള്ള വൃക്ക (കിഡ്നി) വൈകല്യങ്ങൾ/ കാർഡിയോ വാസ്ക്കുലർ വൈകല്യങ്ങൾ സെറിബ്രൽ പാൽസി. ഹീമോഫീലിയ, താലസ്സീമിയ. സിക്കിൾസെൽ അനീമിയ, അസ്ഥി വൈകല്യങ്ങൾ, ഞരമ്പു സംബന്ധമായ വൈകല്യങ്ങൾ എന്നീ രോഗങ്ങളും എൻഡോസൾഫാൻ കീടനാശിനി ഉപയോഗത്തെ തുടർന്ന് കാസർഗോഡ് ജില്ലയിൽ രോഗബാധിതരായവരുടെ രോഗങ്ങൾ പരിശോധിക്കുന്നതിനും ഡയാലിസിസ് നടത്തുന്നതിനും ശസ്ത്രക്രിയ ചെയ്യുന്നതിനും അവയവങ്ങൾ മാറ്റി വെയ്ക്കുന്നതിനും ആവശ്യമായ ചെലവുകൾ അത്യാഹിത സന്ദർഭങ്ങളിൽ ജീവൻ രക്ഷിക്കുന്നതിനാ |

| | | | |
|---|---|---|---|
| | | | വശ്യമായ എല്ലാ ചികിത്സയ്ക്കും സർജറിയ്ക്കും വേണ്ടുന്ന ചെലവുകൾ സ്വന്തമായി വഹിക്കാൻ കഴിയാത്തവിധം വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ കുട്ടികൾക്കായിരിക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുക.<br>ആർ.സി.സി., തിരുവനന്തപുരം/ ശ്രീ ചിത്തിരതിരുനാൾ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം / മലബാർ ക്യാൻസർ സെന്റർ, കണ്ണൂർ/ ഗവ.മെഡിക്കൽ കോളേജുകൾ, അക്കാഡമി ഓഫ് മെഡിക്കൽ സയൻസസ് ആശുപത്രി, പരിയാരം, കണ്ണൂർ / സഹകരണ മെഡിക്കൽ കോളേജ് , കൊച്ചി / താലൂക്ക്, ജനറൽ ആശുപത്രി, കാസർഗോഡ്/ ഐ.എം.സി.എച്ച്. കോഴിക്കോട്/ ഐ.സി.എച്ച്, കോട്ടയം / ചെസ്റ്റ് ആശുപത്രി, തൃശ്ശൂർ എന്നീ ആശുപത്രികളിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന കുട്ടികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. |
| (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രസ്തുത പദ്ധതിക്ക് എന്തു തുക ചെലവാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ; എത്ര കുട്ടികൾക്ക് ഈ പദ്ധതിയിലൂടെ സഹായം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത പദ്ധതിയ്ക്കായി 7,87,42,018/- രൂപ ചെലവഴിച്ചു. ടി കാലയളവിൽ ഈ പദ്ധതിയിലൂടെ 2937 കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്. ആകെ 5292 കുട്ടികൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമായിട്ടുള്ളത്. |

R. Vijayan

സെക്ഷൻ ഓഫീസർ